KOTTAYAM PUBLIC LIBRARY

M294

Call No. SAN-E  Acc. No. 14403

Author ശങ്കരൻ നമ്പൂതിരിപ്പാട്

Title ഇട്ടൂരാമൻ

M294 SAN E

1019

(X)

# ഇല്ലംനറ.

ക്ഷേത്രങ്ങളിലെ നറയുടേയും, പുത്തരിയുടേയും,
തൃപ്പുത്തിരിയുടേയും വിധികൾ അടങ്ങിയതു.

കാണിപ്പയ്യൂർ ശങ്കരൻ നമ്പൂതിരിപ്പാടവർകൾ
പരിശോധിച്ചതു്.

പഞ്ചാംഗം പ്രസ്സ് & ബുക്കഡിപ്പോ, കുന്നംകുളം.

3-ാംപതിപ്പ് കോപ്പി 500.

1132

വില 6ണ (ആറണ.

14403.
KUNNAMKULAM

294

# ഇല്ലംനറ.

1 ഒരുക്കേണ്ടതായ സാധനങ്ങൾ.

1 രണ്ടുകിണ്ടികൾ 2 ശംഖും ശംഖുകാലും 3 ചന്ദനോടം 4 പൂപ്പാലിക 5 മണി 6 ധൂപക്കററി 7 കൊടിവിളക്ക് 8 പൂവ് 9 ചന്ദനം 10 ധൂപക്കൂട്ട് 11 നിവേദ്യം 12 ഉപസ്തരണം 13 അവണപ്പലക 14 വിളക്ക് 15 വിളക്കെണ്ണ (എണ്ണയൊ വെളിച്ചെണ്ണയൊ നെയ്യൊ) 16 തിരി 17 അക്ഷതം 18 ഒരു നാളികേരം.

നറവല്ലം:—1 ആല് 2 മാവ് 3 നെല്ലി 4 മുള 5 പുലാവ് 6 കാഞ്ഞിരം 7 കരിങ്കൊടി 8 അമൃക്കൊടി 9 വള്ളിപ്പാല 10 ഏഴിലാമ്പാല ഇവയുടേയും ദശപുഷ്പങ്ങളുടെയും കുഴകൾ മൂന്നിൽ കുറയാതെ കൊണ്ടുവന്ന് എല്ലാം ഒന്നായി കെട്ടി വെയ്ക്കുക (ദശപുഷ്പം എന്നു പറയുന്നതു 1 കൃഷ്ണക്രാന്തി 2 കഞ്ഞുണ്ണി 3 പൂവ്വാങ്കുറുന്തല 4 മോഷ്ടമി 5 കറുക 6 തിരുതാളി 7 ഉഴിഞ്ഞ 8 നിലപ്പന 9 മുക്കററി 10 ചെറൂള ഇവയാകുന്നു)

കതിര്:—കാലത്തുകുളിച്ചു കുറിയിട്ട് ശുദ്ധവസ്ത്രം ധരിച്ചിട്ട് വേണം കതിരുകൊണ്ടുവരുവാൻ. അതുകിഴക്കേ പടിയ്ക്കലൊ പടിഞ്ഞാറെ പടിയ്ക്കലൊ ശുദ്ധമായ സ്ഥലത്തു വെയ്ക്കണം.


നിവേദ്യം:—നിവേദ്യത്തിന്നു അട പ്രധാനമാണ്. അതിനാൽ അടയും കൂടി ഉണ്ടാക്കണം.

ഒരുക്കേണ്ടും ക്രമം.

നടുമിററത്തു ചാണകംകൂട്ടി മെഴുകി അരി അരച്ചതുകൊണ്ടണിഞ്ഞു അവിടെ ഒരു പലക വെച്ച് പലകമേലും അണിഞ്ഞു നറവല്ലം അതിന്മേൽ വെയ്ക്കണം. അതു പീഠമെന്നു കല്പിച്ച് അതിന്മേലാണ് പൂജിക്കേണ്ടതു്. രണ്ടു നിലവിളക്കും വെയ്ക്കണം.

അലക്കിയ വസ്ത്രം തററുടുക്കണം. ഉത്തരീയത്തിന്നു അലക്കിയ ഒരു മുണ്ടും തെയ്യാറാക്കണം.

ചിത്രം നമ്പർ 1



അട്ടകം

ചിത്രം നമ്പർ 2



അഞ്ജലി

## ൮ ദേഹശുദ്ധി.

അഭിവാദ്യം ചെയ്ത് അവണ
പ്പലകമേലിരുന്ന് അട്ടകം പിടി
ച്ച്(ചിത്രം 1)ശതധാരം എന്നള്ള
ക്കം ഗ്രംഗ്ഗുരുഭ്യോനമഃ എന്നു ഗുരു
വിന്റെമൂലവുംമൂന്നുരു ജപിക്കുക.

### അഭിവാദനം.

അഭിവാദയേ ശങ്കരശർമ്മാനാ
മ അഹ മസ്മി ഭോഃ ഇവിടെ ശ
ങ്കര എന്ന സ്ഥാനത്ത് അവരവ
രുടെ പേരാണുചേർക്കേണ്ടത്.

ശതധാരമുത്സമക്ഷീയമാ
ണംവിപശ്ചിതംപിതരം വക്ത്വാ
നാം. മേളിംമദന്തം പിത്രോരുപസ്ഥേ
തം-രോദസീ പിപൃതം സത്യവാചം;
ഗ്രം ഗ്രുരുഭ്യോ നമഃ ഇങ്ങിനെ മൂന്നുരു.


പിന്നെ രണ്ടു കയ്യുംകൊണ്ടും
തൊഴുത്. 1 ഓം സ്വസ്തി ശിവാദി
ശ്രീഗ്രുരുഭ്യോ നമഃ എന്നു തലയിലും
(ചിത്രം 2) 2 ഗം ഗണപതയേ നമഃ
എന്നു നാഭിയുടെ താഴെയും 3 ഗ്രം ഗ്രു
രുഭ്യോ നമഃ എന്നു എടത്തേ തോളി
ലും 4 ഗം ഗണപതയേ നമഃ എന്നു
വലത്തേ തോളിലും 5 പം പരമാത്മ
നേ നമഃ എന്നു ഹൃദയത്തിലും വന്ദി
ച്ച് രക്ഷിയ്ക്കുക.

## 4 രക്ഷിയ്ക്കുക.

ഓം സഹസ്രാരഹുംഫൾ എന്ന അസ്ത്രമന്ത്രം ജപിച്ച് വ
ലത്തെ കയ്യുകൊണ്ടു എടത്തെ കയ്യ്ത്തലവും എടത്തെ കയ്യുകൊ
ണ്ടു വലത്തെ കയ്യ്ത്തലവും പിന്നെ വലത്തെക്കയ്യുകൊണ്ടു എ
ത്തെക്കയ്യിൻെറ പൃഷ്ഠവും എടത്തെക്കയ്യുകൊണ്ടു വലത്തെ ക
യ്യിൻെറ പൃഷ്ഠവും പിന്നെ വലത്തെ കയ്യുകൊണ്ടു എടത്തെ
യ്യ്ത്തലം മുഴുവനും എടത്തെ കയ്യുകൊണ്ടു വലത്തെ കയ്യ്ത്തലം മുഴു
നും വ്യാപകം ചെയ്ത് അസ്ത്രംകൊണ്ടുതന്നെ ഭൂമിയിലേയ്ക്കും മേ
രേയും ആകാശത്തേക്കും തൊഴുത് ഈശാനകോണു മുതൽ ക്ര
ത്താലെ എട്ടു ദിക്കിലേക്കും ആകാശത്തേയ്ക്കും ഭൂമിയിലേയ്ക്കും ഒ
രോ പ്രാവശ്യവും വട്ടത്തിൽ മൂന്നു പ്രാവശ്യവും രക്ഷിക്കുക. ഓരോ
ന്നിനും അസ്ത്രമന്ത്രം ജപിയ്ക്കയും അസ്ത്രമുദ്ര കാണിയ്ക്കയും വേണ
(ചിത്രം 7)

## 6 പ്രാണായാമം.

ചിത്രം നമ്പർ 3



ഓം ഹൃദയായ നമഃ

പിന്നെ പ്രണവംകൊണ്ടു
പന്ത്രണ്ടുരു പ്രാണായാമം ചെയ്തു
വിരാൾ പുരുഷരൂപം സങ്കല്പി
ച്ച് ഓം നമോ നാരായണായ എ
ന്ന മൂലമന്ത്രംകൊണ്ടു പന്ത്രണ്ടു
പ്രാണായാമം ചെയ്ത് മൂലമന്ത്ര
കൊണ്ടുതന്നെ തലയിൽ നിന്നു
തുടങ്ങി കാലടി വരെ മൂന്നു വ്യാപ
കം ചെയ്ത് ഷഡംഗന്യാസം ചെ
യ്യുക.

## 6 ഷഡംഗന്യാസം.

1 ഓം ഹൃദയായ നമഃ. എന്നു
ഹൃദയമുദ്ര (ചിത്രം 3) കാണിച്ചു
ഹൃദയത്തിലും 2 ഓം നം ശി

ചിത്രം നമ്പർ 4



ഓം നംശിരസേ സ്വാഹാ

സേ സ്വാഹാ എന്ന് ശിരോമുദ്ര (ചിത്രം 4) കാണിച്ച് ശിരസ്സിലും 3 ഓം മോം ശിഖായൈ വഷൾ എന്ന് ശിഖാമുദ്ര(ചിത്രം 5) കാണിച്ച് ശിഖയിങ്കലും 4 ഓം നാം കവചായ ഹും എന്ന് കവചമുദ്ര (ചിത്രം 6) കാണിച്ച് രണ്ടു കൈകളുടെ മദ്ധ്യത്തിലും 5 ഓം രാം നേത്രാഭ്യാം വഷൾ എന്ന് നേത്രമുദ്ര കാണിച്ച് (ചിത്രം 8) നേത്രത്തിങ്കലും 6 ഓം യം അസ്ത്രായ ഫൾ എന്ന് അസ്ത്രമുദ്ര കാണിച്ച് (ചിത്രം 7) രണ്ടു കൈകളുടേയും തലത്തിലും 7 ഓം ണാം ഉദരായ നമഃ എന്ന് ഉദരമുദ്ര കാണിച്ച് ഉദരത്തിങ്കലും 8 ഓം യം പൃഷ്ഠായ നമഃ എന്ന് പൃഷ്ഠമുദ്ര കാണിച്ച് പൃഷ്ഠത്തിങ്കലും,

അതുപോലെ വീണ്ടും 9 ഓം ക്രുദ്ധോൽകായ സ്വാഹാ ഹൃദയായ നമഃ 10 ഓം മഹാൽകായ സ്വാഹാ ശിരസേ സ്വാഹാ 11 വീരോൽകായ സ്വാഹാ ശിഖായൈ വഷൾ 12 ദ്യുൽകായ സ്വാഹാ കവചായ ഹും 13 ജ്ഞാനോൽകായ സ്വാഹാ നേത്രാഭ്യാം വഷൾ 14 സഹസ്രോൽ കായസ്വാഹാ അസ്ത്രായ ഫൾ എന്ന് അതാതു മുദ്രകൾ കാണിച്ച് അതാതു അംഗങ്ങളിലും ന്യസിച്ച്,

സാധ്യനാരായണഃ ഋഷിഃ ദൈവീഗായത്രീച്ഛന്ദഃ പരമാത്മാ ദേവതാ.

ചിത്രം നമ്പർ 5



ഓംമോം ശിഖായൈ വഷട്.

ചിത്രം നമ്പർ 6



ഓം നാം കവചായ ഹും.

ചിത്രം നമ്പർ 7



ഓം രാം നേത്രാഭ്യാം വഷട്.

ചിത്രം നമ്പർ 8




ഓം യം അസ്ത്രായ ഫട്.

ധ്യാനം.

ദേവം ശ്രീപുരുഷോത്തമം കമലയാ
സ്വാങ്കസ്ഥയാ പങ്കജം
ബിഭ്രത്യാ പരിരബ്ധമംബുജരുചാ
തസ്യാം നിബദ്ധേക്ഷണം
ധ്യായേൽ ചേതസി ശംഖപാശമുസലാം
ശ്ചാപാരിഖഡ്ഗം ഗദാം
ററൈസ്തൈരങ്കുശ മുദ്വഹന്ത മനിശം
സ്മേരാരവിന്ദാനനം.

ചിത്രം നമ്പർ 9



വം അബാത്മനാ ജലം കല്പയാമി

## 7 മാനസപൂജ.

1 പെരുവിരലുകൾ മോതിരവിരലുകളുടെ കടയ്ക്കൽ തൊട്ടുവിച്ച് അവയുടെ രണ്ടു സന്ധികൾ വരെ മേല്പട്ടു നീക്കി ജലമുദ്ര കാണിച്ച് (ചിത്രം 9) വം അബാത്മനാ ജലം കൽപയാമി എന്നും 2 അതുപോലെ പെരുവിരലുകൾ ചെറുവിരലുകളുടെ കടയ്ക്കൽ തൊട്ടുവിച്ചു നീക്കി ഗന്ധമുദ്ര കാണിച്ച് ലം പൃഥിവ്യാത്മനാ ഗന്ധം കൽപയാമി എന്നും 3 ചൂണ്ടാണിവിരലുകൾ പെരുവിരലുകളിൽ തൊട്ടുവിച്ചു നീക്കി പുഷ്പമുദ്ര കാണിച്ച് ഹം ആകാശാത്മനാ പുഷ്പം കൽപ്പയാമി എന്നും 4 പെരുവിരലുകൾ ചൂണ്ടാണിവിരലുകളിൽ തൊട്ടുവിച്ചു നീക്കി ധൂപമുദ്രകാണിച്ച് യം വായ്വാത്മനാ ധൂപം കല്പ

ചിത്രം നമ്പർ 10



ഓം വം അമൃതീഭവ

യാമി എന്നും 5 പെരുവിരലുകൾ നടുവിരലുകളിൽ തൊടുവിച്ചു നീക്കി ദീപമുദ്ര കാണിച്ച് രം അഗ്ന്യാത്മനാ ദീപം കല്പയാമി എന്നും 6 പെരുവിരലുകൾ മോതിരവിരലുകളിൽ തൊടുവിച്ചു നീക്കി നിവേദ്യമുദ്ര കാണിച്ച് വം അമൃതാത്മനാ നിവേദ്യം കല്പയാമി എന്നും 7 രണ്ടു കൈകളുടേയും ചെറുവിരലുകൾ മോതിരവിരലുകളിലും നടുവിരലുകൾ ചൂണ്ടാണിവിരലുകളിലും തമ്മിൽ കൂട്ടി സുരഭിമുദ്ര (ചിത്രം 10) കാണിച്ച് ഓം വം അമൃതീഭവ എന്നും ചൊല്ലുക. പിന്നെ ഛന്ദസ്സ് ചൊല്ലി വിഷ്ണുവിന്റെ മൂലം എട്ടുരു ജപിച്ച് വീണ്ടും ഛന്ദസ്സു ചൊല്ലുക.

### 8 ശംഖുപൂരണം.

ചാണകം കൂട്ടി തന്റെ മുമ്പിൽ വട്ടത്തിലും അതിന്റെ വലത്ത് ചതുരത്തിലും മെഴുകി വട്ടത്തിൽ മെഴുകിയേടത്ത് പൂവും ചന്ദനവും അക്ഷതവും വെള്ളവും കൂട്ടിയെടുത്ത് പ്രണവം ചൊല്ലി ഇട്ട് വലത്തുകിണ്ടി വെച്ച് പൂവും ചന്ദനവും അക്ഷതവും കിണ്ടിയിലിട്ട് വലത്തുകയ്യിന്റെ മോതിരവിരൽകൊണ്ടു കിണ്ടിയിലെ വെള്ളം തൊട്ട്

ഇമാ ആപഃ ശിവാഃ സന്തു ശുഭാഃ ശുദ്ധാശ്ച നിമ്മലാഃ.
പാവനാഃ ശീതളാശ്ചൈവ പൂതാഃ സൂര്യസ്യ രശ്മിഭിഃ.

എന്ന മന്ത്രം ചൊല്ലി ആവ്യായിച്ച് പ്രോക്ഷിയ്ക്കുക. പിന്നെ എല്ലാം കൂട്ടിയെടുത്ത് ചതുരത്തിൽ മെഴുകിയേടത്ത് പ്ര

ണവം ചൊല്ലി ഇട്ട് ശംഖു അസ്ത്രംകൊണ്ടും ശംഖുകാലു അം ഗാസ്ത്രംകൊണ്ടും കഴുകി രം വഹ്നിമണ്ഡലായ നമഃ എന്ന വ ഹ്നിമണ്ഡലം ചൊല്ലി ശംഖുകാലും അം സൂര്യമണ്ഡലായനമഃ എന്ന സൂര്യമണ്ഡലം ചൊല്ലി ശംഖും വെയ്ക്കുക. പിന്നെ എ ല്ലാം കൂട്ടിയെടുത്ത് ഹൃദയമന്ത്രംകൊണ്ട് ശംഖിലിട്ട് ശിരോ മന്ത്രംകൊണ്ട് വലത്തുകിണ്ടിയിലെ വെള്ളം വീത്തി മീതേയും എല്ലാം കൂട്ടിയിട്ട് ശിഖാമന്ത്രംകൊണ്ടു അരിച്ച് നേത്രമന്ത്രം കൊണ്ടു നോക്കി കവചമന്ത്രംകൊണ്ടു വലത്തുകയ്യ് മീതെ വെച്ചു മാറടച്ച് അസ്ത്രംകൊണ്ടു രക്ഷിച്ച് എല്ലാം കൂട്ടിയെടുത്ത്

ഗംഗേ ച യമുനേ ചൈവ ഗോദാവരി സരസ്വതി
നമ്മദേ സിന്ധു കാവേരി ജലേസ്മിൻ സന്നിധിം കുരു

എന്ന ഗംഗയുടെ ആവാഹനമന്ത്രം ചൊല്ലി ആദിത്യ ങ്കൽനിന്നു ശംഖിലേയ്ക്ക് ഗംഗയെ ആവാഹിയ്ക്കുക. പിന്നെ പം പത്മായനമഃ എന്ന പത്മംകൊണ്ടു ജലഗന്ധപുഷ്പങ്ങൾ മുമ്മൂന്നു അച്ചിച്ച് തൊഴുതുകൊണ്ടു

ഓം നമോ നാരായണായ വിഷ്ണുമൂത്തയേ നമഃ.

എന്ന മൂത്തിമന്ത്രം ചൊല്ലി മൂത്തികല്പിച്ച് ആവാഹിച്ച് ആവാഹനമുദ്ര കാട്ടി (ചിത്രം 11) വ്യാപകവും വ്യാപകാംഗവും ചെയ്ത് മൂലംകൊണ്ടു ജലാദി ജലാന്തം മുമ്മൂന് അച്ചിച്ച് നി വേദ്യമന്ത്രം ചൊല്ലി നിവേദ്യമുദ്ര കാണിച്ച് പിന്നേയും മൂലം കൊണ്ടു ജലാദി ജലാന്തം മുമ്മൂന് അച്ചിച്ച് മൂലംകൊണ്ട് മൂന്നു പുഷ്പാഞ്ജലിയും ചെയ്ത് ശംഖ് എടത്തേക്കയ്യിൽ വെച്ച് വല ത്തുകയ്യുകൊണ്ടടച്ച് മൂലം എട്ടുരു ജപിച്ച് ശംഖിലെ വെള്ളം മുക്കാലും വലത്തു കിണ്ടിയിൽ വീത്തി ബാക്കി വെള്ളംകൊണ്ടു

പൂജാസാധനങ്ങളും ഒടുവിൽ തന്റെ ഹൃദയത്തിങ്കലുമായി മൂ ലപ്രാവശ്യം തളിച്ച് ബാക്കി വെള്ളം കളഞ്ഞ് ശംഖ് അസ്ത്രം കൊണ്ടു കഴുകി ചുവട്ടിലെ പൂവ്വുകളഞ്ഞ് ശംഖിൽ വെള്ളം നി റച്ചു വെയ്ക്കുക. ശംഖിൽ പൂജിയ്ക്കുമ്പോഠം മന്ത്രം ചൊല്ലി ധൂപ ദീപമുദ്രകഠം കാണിക്കണം.

പിന്നെ മൂലം ചൊല്ലി നെററിയിന്മേലും കഴുത്തിലും രണ്ടു കയ്യിന്മേലും ഹൃദയത്തിങ്കലും ചന്ദനം കുറിയിട്ട് കൈകഴുകി മൂ ലംകൊണ്ടുതന്നെ പൂവ്വു ചൂടി കൈകഴുകി നാവല്ലത്തിന്മേൽ മൂന്നു ജുക്ക ചൊല്ലി തളിച്ച് പൂജ തുടങ്ങുക. ശംഖുപൂരണം ഉ ണ്ടാക്കുക ഇങ്ങിനെയാകുന്നു.

## 9 പീഠപൂജ.

ഓം ശ്രീം നമഃ എന്നു ശക്തികൊണ്ടും മൂലംകൊണ്ടും നാവല്ലത്തിന്മേൽ ഓരോ പൂവ്വാരാധിച്ച് അസ്ത്രംകൊണ്ടു ര ക്ഷിച്ച് പീഠപൂജ തുടങ്ങുക.

1 ഓം ഗ്രൂം ഗുരുഭ്യോനമഃ. 2 ഓം ഗം ഗണപതയേ നമഃ. 3 ഓം ആധാരശക്ത്യൈ നമഃ 4 ഓം മൂലപ്രകൃത്യൈ നമഃ 5 ഓം ആദികൂൎമ്മായ നമഃ 6 ഓം അനന്തായ നമഃ 7 ഓം പൃ ഥിവ്യൈ നമഃ 8 ഓം പം പത്മായ നമഃ 9 ഓം നമൊ ഭഗ വതേ വിഷ്ണവേ സൎവ്വഭൂതാത്മനേ വാസുദേവായ സൎവ്വാത്മസം യോഗയോഗപത്മപീഠാത്മനേ നമഃ.

ഈ മന്ത്രങ്ങളെക്കൊണ്ട് ജലാദിജലാന്തം അച്ചിയ്ക്കുക. ഓരോന്നിൻേറയും ഇടയിൽ ഓരോ ജലവും അച്ചിയ്ക്കണം. ധൂപദീപങ്ങൾക്കു ശേഷമുള്ള ജലം കഴിഞ്ഞാൽ ധൂപമുദ്ര കാട്ടി ധൂപമന്ത്രവും, ദീപമുദ്ര കാട്ടി ദീപമന്ത്രവും ചൊല്ലി കൈ കഴുകണം. പിന്നെ മൂലംകൊണ്ടു പുവ്വാരാധിച്ച് തൊഴുത്

ഓം നമൊ നാരായണായ വിഷ്ണുമൂത്തയേ നമഃ.

എന്ന മന്ത്രംചൊല്ലി മൂത്തി കല്പിക്കുക. പീഠപൂജ ഇങ്ങിനെയാകുന്നു. പിന്നെ മൂത്തിപൂജ തുടങ്ങുക

## 10 മൂത്തിപൂജ_ആവാഹനം

മൂത്തിയെ പീഠത്തിന്മേലയ്ക്കാവാഹിയ്ക്കണം. അതിന്ന് പുവ്വും ചന്ദനവും അക്ഷതവും ശംഖിലെ വെള്ളവും കൂട്ടിയെടുത്ത് രണ്ടുകയ്യും കൂട്ടി മൂലാധാരത്തിങ്കൽനിന്നു തുടങ്ങി മൂന്നു പ്രണവംകൊണ്ടു ജീവചൈതന്യത്തെ എടുക്കുക. (മൂലാധാരസമീപത്തിങ്കൽ കാണിച്ച് ഒരു പ്രണവം ജപിച്ച് മൂലാധാരത്തിങ്കലുള്ള ജീവചൈതന്യത്തിൽ നിന്നു കുറഞ്ഞൊരംശം വേറെ ആയി എന്നു സങ്കല്പിച്ച്, പിന്നേയും ഒരു പ്രണവം ജപിച്ച് ആ അംശത്തെ താൻ ഗ്രഹിച്ചു എന്നു സങ്കല്പിച്ച് മൂന്നാമതും ഒരു പ്രണവം ജപിച്ച് ആ ചൈതന്യം സുഷുമ്നാമാഗ്ഗേണ മേല്പട്ടു പോന്നു എന്നും സങ്കല്പിയ്ക്കുക) പിന്നെ ഹൃദയത്തിങ്കൽ കാട്ടി ജിതം തേ പുണ്ഡരീകാക്ഷ നമസ്തേ വിശ്വഭാവന സുബ്രഹ്മണ്യ നമസ്തേസ്തു നമഃ പുരുഷ പൂവ്വജ. എന്ന ഉപചാരം ചൊല്ലി സ്തുതിച്ച് പിന്നേയും രണ്ടു പ്രണവം ചൊല്ലി ദ്വാദശാന്തമത്തോളം ആക്കി മൂലം മൂന്നുരു ജപിച്ച് ഓം വിഷ്ണുഭഗവൻ ആഗച്ഛ ആഗച്ഛ ഓം ആവാഹയാമി.

ചിത്രം നമ്പർ 11



ആവാഹിതോഭവ

ചിത്രം നമ്പർ 12



സംസ്ഥാപിതോഭവ

എന്നു ചൊല്ലി നേരെ കിഴ്പ്പട്ട് മൂലാധാരത്തിങ്കലോളം കൊണ്ടുപോന്ന് കുറച്ചു വലത്തു ഭാഗത്തേയ്ക്കു നീക്കി നേരെ മേല്പട്ടു കൊണ്ടുപോയി എടത്തേ മൂക്കു പൊത്തി വലത്തേ മൂക്കിൽ കൂടി ശ്വാസം കയ്യിലാക്കി പ്രണവം ജപിച്ച് നറവല്ലത്തിന്മേൽ പുഷ്പാക്ഷതം യോജിപ്പിച്ച് രണ്ടുകയ്യും മലത്തിപ്പിടിച്ച് തള്ളവിരലിന്റെ തല മോതിരവിരലിന്റെ കടയ്ക്കൽ തൊടുവിച്ച് ആവാഹനമുദ്ര കാട്ടി (ചിത്രം 11) ആവാഹിതോ ഭവ എന്നും, കൈകൾ രണ്ടും കമുത്തി വിരലുകൾ വളച്ചു പിടിച്ചു പെരുവിരൽ രണ്ടും കിഴ്പ്പട്ടാക്കി ഇളക്കാതെ പിടിച്ച് സംസ്ഥാപനമുദ്ര കാണിച്ച് (ചിത്രം 12) സംസ്ഥാപിതോ ഭവ എന്നും, കൈകൾ രണ്ടും ചെരിച്ച് വിരലുകൾ മടക്കി പെരുവിരലുകൾ മേൽപട്ടുയത്തിപ്പിടിച്ച് രണ്ടുകയ്യുംകൂടി വട്ടത്തിൽ ഏളക്കി സന്നിധാപനമുദ്ര കാണിച്ച് (ചിത്രം 13) സന്നിധാപിതോ ഭവ എന്നും, പെരുവിരൽ

ചിത്രം നമ്പർ 13



സന്നിധാപിതോഭവ

രണ്ടും കിഴ്പ്പട്ട് അതാതു കയ്യി
ൻെറ അകത്താക്കി മററു വിരലു
കൾ മടക്കിപ്പിടിച്ച് മുഷ്ടികൾ
രണ്ടുമായി നിരോധനമുദ്ര കാ
ണിച്ച് (ചിത്രം 14) സന്നിരുദ്ധോ
ഭവ എന്നും, കൈകൾ രണ്ടും
ചെരിച്ച് വിരലുകൾ മടക്കി പെ
രുവിരലുകൾ മേല്പട്ടുയർത്തി ചെറു
വിരലുകൾ പുറത്തേക്കു നിവർത്തി
രണ്ടുകയ്യും തമ്മിൽ തൊട്ടുവിച്ച്
അകത്തി പ്രസാദനമുദ്ര കാണിച്ച്
(ചിത്രം 15) സാന്നിദ്ധ്യം കുരു
കുരു പ്രസീദ പ്രസീദ എന്നും
ചൊല്ലുക. ആവാഹനം ഇങ്ങി
നേയാകുന്നു.

ചിത്രം നമ്പർ 14



സന്നിരുദ്ധോഭവ

ചിത്രം നമ്പർ 15



സാന്നിദ്ധ്യം കുരു കുരു പ്രസീദ പ്രസീദ

## 11

പിന്നെ കയ്യിൽ ചന്ദനം പുരട്ടി മൂലംകൊണ്ടു ദേവങ്കൽ മൂന്നുവ്യാപകം ചെയ്യുക. ഓരോന്നുകഴിഞ്ഞാൽ കൈ കഴുകി വീണ്ടും ചന്ദനം പുരട്ടണം. പിന്നെ മുൻപറഞ്ഞപോലെ ദേവങ്കൽ ഷഡംഗന്യാസം ചെയ്ത് ച്ഛന്ദസ്സ് ചൊല്ലി ആയുധങ്ങളെ ന്യസിക്കുക.

വലത്തു മുകളിലെ കയ്യിൽ നിന്നു ക്രമത്താലെ 1 ചക്രായ നമഃ 2 ഖഡ്ഗായ നമഃ 3 ഗദായൈ നമഃ 4 അങ്കുശായ നമഃ എടത്തു മുകളിൽ നിന്നു 5 ശംഖായ നമഃ 6 പാശായ നമഃ 7 മുസലായ നമഃ 8 ചാപായ നമഃ.

ഒരു പുവ്വാരാധിച്ച് തൊഴുതു ധ്യാനശ്ലോകവും ആസനമിദം സ്വാഗതമസ്തു എന്നും ചൊല്ലുക.

## 12 കതിര് കൊണ്ടുവരിക.

ഒരു അലക്കിയ വസ്ത്രം ചുമലിലിട്ട് ശംഖ്, കയ്യിലെടുത്ത് പടിക്കൽ ചെന്ന് കതിരിന്മേൽ ആപോഹി എന്ന മൂന്നു ഋക്കു ചൊല്ലി തളിച്ച് വലത്തു കയ്യിൽ കതിരെടുത്ത് എടത്തു കയ്യുകൊണ്ടു മണികൊട്ടി സ്വസ്തിസൂക്തം ജപിച്ച് മുമ്പിൽ വിളക്കു പിടിപ്പിച്ച് വലത്തുകാൽ മുമ്പായി അകത്തു കടന്ന് നാലിറയത്ത് നടുമിറ്റത്തിന്നു ഒരു പ്രദക്ഷിണം വെച്ച് കതിര് നാവല്ലത്തിന്മേൽ വെയ്ക്കുക. അപ്പോൾ തന്നെ ഒരു നാളികേരം പൊട്ടിച്ച് ആട്ടുകയും ചെയ്യു (കതിര് കൊണ്ടുവരുന്നത് തലയിൽ വെച്ചിട്ടും പതിവുണ്ട്. തത്സമയത്ത് ശംഖ്, വിളിക്കയും ചെയ്യാറുണ്ട്.)

## 13 ശ്രീഭഗവതിയുടെ ആവാഹനം.

വിഷ്ണുവിന്റെ മടിയിലേയ്ക്കു (എടത്തെത്തുടയിന്മേലേയ്ക്ക് എന്നുസങ്കല്പിച്ച് കതിരിന്മേലേയ്ക്കു ശ്രീഭഗവതിയെ ആവാഹി

യ്യണം. അതിന്നു 10—11 പാരകളിൽ പറഞ്ഞതാണു ക്രിയ. ഭേദമുള്ളതു മാത്രം താഴെ ചേക്കുന്നു ഉപചാരം ശ്രിയേജാതഃ ശ്രിയആനിരിയായ ശ്രിയം വയോജരിതൃഭ്യോദാദാതി ശ്രിയം വസാനാ അമൃതത്വമായൻ ഭവന്തി സത്യാ സമിധാ മിതദ്രൌ— മൂലം—ശ്രീം നമഃ. ആവാഹനം ശ്രീഭഗവതിമൂത്തി ഏഹ്യേഹി ആഗച്ഛ ആഗച്ഛ ഓം ആവാഹയാമി. ആവാഹിതാ ഭവ. സംസ്ഥാപിതാ ഭവ. സന്നിധാപിതാ ഭവ. സന്നിരുദ്ധാ ഭവ—ആയുധം മുകളിൽ വലത്തും എടത്തും 1 പത്മായ നമഃ 2 പത്മായനമഃ ചുവട്ടിൽ വലത്ത് വരദായനമഃ എടത്ത് അഭയായ നമഃ.

ധ്യാനം

ഭൂയാൽ ഭൂയോദ്വിപത്മാഭയവരദകരാ
തപ്തകാത്തസ്വരാഭാ
ശുഭ്രാഭ്രാഭേഭയുഗ്മദ്വയകരധൃതകുംഭാ (?)
ലാത്ത്വാഃലപനാഢ്യാ.
നാനാകൽപാഭിരാമാ സ്മിതമധുരമുഖീ
സവ്വഗീവ്വാണവന്ദ്യാ
വാമാങ്കേ വിശ്വഭത്തുഃ കൃതവസതിരിയം
സവ്വദാ ശ്രീ ശ്രിയേ വഃ.

14

പിന്നെ ശംഖെടുത്ത് എടത്തുകയ്യിൽ പിടിച്ച് വലത്തുകയ്യുകൊണ്ടു എല്ലാം കൂട്ടിയിട്ട് രണ്ടുകയ്യും കൂട്ടിപ്പിടിച്ച് വിഷ്ണുവിന്ന് അർഘ്യാദികൾ കൊടുക്കുക. 1 അർഘ്യമിദം എന്നു ചൊല്ലി ദേവൻെറ വലത്തു കയ്യിലും 2 പാദ്യമിദം എന്നു ചൊല്ലി രണ്ടു കൈകളിലും 3 ആചമനീയമിദം 4 മധുപക്കമിദം എന്ന് രണ്ടും വലത്തേകയ്യിലും 5 പുനരാചമനീയമിദം 6 സ്നാ

നമിദം 7 ആപോഹിഷ്ഠാമയോഭുവഃ. താനഊൎജ്ജേദധാതന. മ ഹേരണായ ചക്ഷസേ 8 യോവശ്ശിവതമോരസഃ തസ്യഭാജയ തേഹനഃ. ഉശതീരിവ മാതരഃ 9 തസ്മാഅരം ഗമാമ വഃ യസ്യ ക്ഷയായ ജിന്വഥ. ആപോജനയഥാ ചനഃ 10 പുനസ്സ്നാനമിദം 11 വസ്ത്രമിദം 12 അംഗവസ്ത്രമിദം 13 യജ്ഞോപവീത മിദം 14 ഉത്തരീയമിദം 15 ഭൂഷണമിദം എന്നു മുമ്പിലും 16 അൎഘ്യമിദം 17 പാദ്യമിദം 18 ആചമനീയമിദം എന്ന് മുമ്പെ പ്പോലെയും കൊടുക്കുക. ആപോഹി എന്ന മൂന്നു ഋക്കുമാത്രം ത ളിക്കയായിട്ടും പതിവുണ്ട്. വിഷ്ണുവിൻെറ കഴിഞ്ഞാൽ അതുപോ ലെത്തന്നെ ശ്രീഭഗവതിക്കും അൎഘ്യാദികൾ കൊടുക്കണം.

പിന്നെ അസ്ത്രംകൊണ്ടു ശംഖ് കഴുകി വെള്ളം നിറച്ചു വെച്ച് മൂലംകൊണ്ടു ചന്ദനവും പുവ്വും ചാൎത്തി മൂൎത്തിപൂജ തുട ങ്ങുക.

## 15 മൂൎത്തിപൂജ.

1 ഓം നമഃ മൂന്നരു 2 ഓം ശ്രീം നമഃ 3 മൂലംമൂന്നരു 4 ജിതം തേ പുണ്ഡരീകാക്ഷ നമസ്തേ വിശ്വഭാവന സുബ്രഹ്മണ്യ നമസ്തേസ്തു നമഃ പുരുഷ പൂൎവ്വജ. 5 വീണ്ടും മൂലം മൂന്നരു 6 ഓം സൎവ്വാക്ഷരേഭ്യോ നമഃ 7 ഓം സൎവ്വാംഗേഭ്യോ നമഃ 8 ഓം സ ൎവ്വായുധേഭ്യോ നമഃ 9 ഓം സൎവ്വാഭരണേഭ്യോ നമഃ 10 ഓം സ ൎവ്വഭൂഷണേഭ്യോ നമഃ 11 ഓം സൎവ്വപരിവാരേഭ്യോ നമഃ 12 ഓം സൎവ്വപരിവാരായുധേഭ്യോ നമഃ 13 ഓം വിഷ്വക്സേനായ നമഃ

ഇങ്ങിനെ ജലാദിജലാന്തം വിഷ്ണുവിന്നും ശ്രീഭഗവതിയ്ക്കും അൎച്ചിയ്ക്കുക. വിഷ്ണുവിന്ന ജലം, ശ്രീഭഗവതിയ്ക്കു ജലം ഈ ക്ര മത്തിലാണ് വേണ്ടത്. ശ്രീഭഗവതിയ്ക്കു 13-ാമത്തെ മന്ത്രം പു ഷ്പധാരിണ്യൈ നമഃ എന്നാകുന്നു.

പിന്നെ മുൻപിൽ മെഴുകി മോതിരവിരൽകൊണ്ടു മ എന്നു് രണ്ടു് സ്ഥലത്ത് എഴുതി ചന്ദനവും പൂവും വെച്ച് രണ്ടു നിവേദ്യം അതുകളിന്മേൽ വെച്ച് ഗായത്രികൊണ്ടു ഉപസ്തരിച്ച് മുഖപൂജ തുടങ്ങുക.

### 16 മുഖപൂജ.

മൂലംകൊണ്ടു ജലാദിജലാന്തം വിഷ്ണുവിന്നും ശ്രീഭഗവതിക്കും മുമ്മൂന്നർച്ചിച്ച് ശംഖെടുത്ത് രണ്ടു കയ്യു കൂട്ടിപ്പിടിച്ച്

1 അർഘ്യമിദം 2 പാദ്യമിദം 3 ആചമനീയമിദം

എന്നു മുമ്മൂന്നു് ഉപഹാരത്രയം കൊടുത്ത് ശംഖു കഴുകി വെള്ളം നിറച്ചു വെച്ച് നിവേദിയ്ക്കുക.

### 17 രണ്ടുപേൎക്കും നിവേദിക്കുക.

വലത്തു കയ്യിൽ ശംഖിലെ വെള്ളം എടുത്ത് എടത്തു കയ്യുകൊണ്ടു അടച്ച് എട്ടുരു പ്രണവം ജപിച്ച് ഓം ഫൾ എന്നു ചൊല്ലി നിവേദ്യത്തിൽ തളിച്ച് രക്ഷിയ്ക്കുക. വീണ്ടും വെള്ളമെടുത്ത് മുന്നേപ്പോലെ യം എന്നു് എട്ടുരു ജപിച്ച് നമഃ എന്നു ചൊല്ലി തളിച്ച് വലത്തുകയ്യിൽ രം എന്നും. എടത്തു കയ്യിൽ വം എന്നും എഴുതി വലത്തുകയ്യ് ചുവട്ടിലും എടത്തേതു മുകളിലുമായി നിവേദ്യത്തിൽ കാട്ടി മോതിരവിരൽ കൊണ്ടു നിവേദ്യം തൊട്ട് എട്ടുരു മൂലം ജപിച്ച് കൈകഴുകി ഠം അമൃതിഭവ എന്നു ചൊല്ലി സുരഭിമുദ്ര കാട്ടി (ചിത്രം 10) മൂലംകൊണ്ടു ജലാദിജലാന്തം മമ്മൂന്ന അർച്ചിച്ച് മൂലംകൊണ്ടു പൂവ്വാരാധിച്ച് സത്യന്തൎത്തേന പരിഷിഞ്ചാമി എന്നു ചൊല്ലി പരിഷേകം ചെയ്ത് ഭൂർഭുവസ്വരോം എന്നു ചൊല്ലി തൊട്ട് അമൃതോപസ്തരണമസി എന്നുചൊല്ലി കുടിയ്ക്കുനീർ വിത്തി പ്രാണാഹുതി ചെയ്യുക.

## 18 പ്രാണാഹുതി

ചിത്രം നമ്പർ 16



പ്രാണായസ്വാഹാ

1 ചെറു വിരലും മോതിര വിരലും പെരുവിരലും കൂട്ടികാണിച്ച് (ചിത്രം 16) പ്രാണായ സ്വാഹാ 2 നടുവിരലും ചൂണ്ടാണിവിരലും പെരുവിരലും കൂട്ടി കാട്ടി അപാനായ സ്വാഹാ 3 അതുപോലെമോതിരവിരലും നടുവിരലും പെരുവിരലും കൂട്ടി വ്യാനായ സ്വാഹാ 4 ചെറുവിരലൊഴികെ മററു വിരലുകളും കൂട്ടി ഉദാനായ സ്വാഹാ 5 അഞ്ചു വിരലുകളും കൂട്ടികാണിച്ച് സമാനായ സ്വാഹാ. മൂലം കൊണ്ടും പ്രണവം കൊണ്ടും ഓരോ പ്രാണാഹുതികൂടി ചെയ്തു് കൈകഴുകി പുഷ്പാരാധിയ്ക്കുക. ഇതുപോലെ ശ്രീഭഗവതിക്കും പ്രാണാഹുതി ചെയ്തു് രണ്ടു പേക്കും 7-ാം പാർയിൽ പറഞ്ഞപ്രകാരം മാനസപൂജ ചെയ്യുക.

പിന്നെ നിവേദ്യത്തെയും രണ്ടു ദേവനേയും കൂട്ടി ഒന്നായി രക്ഷിച്ച് ഛന്ദസ്സ് ചൊല്ലി വിഷ്ണുവിൻെറ മൂലം എട്ടുരു ജപിച്ച് വീണ്ടും ഛന്ദസ്സ് ചൊല്ലുക.

## 19

പിന്നെ മൂലംകൊണ്ടു ഓരോ പുഷ്പാരാധിച്ച് ഓം അമൃത പാനീയമിദം പിന്നെയും ഓരോ പുഷ്പാരാധിച്ച് ഓം അമൃതാ പിധാനമസി. പിന്നെ പീഠത്തിന്മേൽ നിന്നു ഒരു പുഷ്പമെടുത്ത് ഓം വിഷ്വക്സേനായനമഃ എന്നു ചൊല്ലി വടക്കോട്ടാരാധി

ച്ച് ഓം അമൃതോപസ്തരണമസി-വടക്കോട്ട് പ്രാണാഹുതി ഓം അമൃതാ പിധാനമസി-വീണ്ടും പീഠത്തിന്മേൽനിന്നു പൂവ്വെടുത്ത് ഓം വിഷ്വക്സേനായ നമഃ.

വടക്കോട്ടാരാധിച്ച് അതുപോലെ പുഷ്പധാരിണ്യൈ നമഃ എന്നും വടക്കോട്ട്നേതിച്ചു നിവേദ്യം നീക്കി കൈകഴുകി ശംഖെടുത്ത് 1 ഗണ്ഡൂഷമിദം (മൂത്രപ്രാവശ്യം) 2 ദന്തധാവനമിദം 3 പുനർഗ്ഗണ്ഡൂഷമിദം 4 ജിഹ്വാശോധനമിദം 5 പുനർഗ്ഗണ്ഡൂഷമിദം 6 കാശോധനമിദം 7 പുനർഗ്ഗണ്ഡൂഷമിദം 8 മുഖശോധനമിദം 9 പുനർഗ്ഗണ്ഡൂഷമിദം 10 അർഘ്യമിദം 11 പാദ്യമിദം 12 ആചമനീയമിദം. എന്ന് മൂന്ന് അർഘ്യവും കൊടുത്ത് അതുപോലെത്തന്നെ ശ്രീഭഗവതിയ്ക്കും അർഘ്യാദികൾ കൊടുക്കുക.

## 20 പ്രസന്നപൂജ

അപ്പം അട വെററില മുതലായതുണ്ടെങ്കിൽ രണ്ടുപേക്കും നിവേദിച്ച് ഗണ്ഡൂഷാദി അർഘ്യം കൊടുത്ത് മൂലം കൊണ്ടു ജലാദിജലാന്തം അച്ചിച്ച് ശംഖെടുത്ത് 1 ലഡ്ഡുകം നിവേദയാമി നമഃ 2 അപൂപം നിവേദയാമി നമഃ 3 ബാലാംബു നിവേദയാമി നമഃ 4 കപ്പൂരാദിസഹിതം താംബൂലം നിവേദയാമി നമഃ 5 നൃത്തമിദം 6 ഗീതമിദം 7 വാദ്യമിദം 8 ഛത്രചാമരാദിസവ്വരാജോപചാരമിദം 9 അർഘ്യമിദം 10 പാദ്യമിദം 11 ആചമനീയമിദം എല്ലാം രണ്ടു പേക്കും കൊടുക്കണം.

മൂലം കൊണ്ടു ജലാദി ജലാന്തം വീണ്ടും രണ്ടുപേക്കും അച്ചിച്ചു കഴിഞ്ഞാൽ പിന്നെ 9-ാം പാരയിൽ പറഞ്ഞ പീഠപൂജയുടെ മന്ത്രങ്ങളെകൊണ്ടും, 15-ാംപാരയിൽ പറഞ്ഞ മൂത്തിപൂജയുടെ മന്ത്രങ്ങളേക്കൊണ്ടും, വിഷ്ണുവിനും, മൂത്തിപൂജാമന്ത്ര

ങ്ങളുകൊണ്ടു മാത്രം ശ്രീഭഗവതിയ്ക്കും അതിന്നുശേഷം ഇഷ്ട
ള്ള മററു മന്ത്രങ്ങളുക്കൊണ്ടും രണ്ടുവേക്കും പുഷ്പാഞ്ജലി ചെയ്യ
ക. പുഷ്പാഞ്ജലിയെല്ലാം കഴിഞ്ഞാൽ കൈ നിറയെ പുവെ
ടുത്ത് ചന്ദനവും അക്ഷതവും ശംഖിലെ വെള്ളവും കൂട്ടി ഓം
തത്സദിതഃപൂർവ്വം പ്രാണബുദ്ധിദേഹധർമ്മാധികാരതഃ ജാഗ്ര
ത്സ്വപ്നസുഷുപ്ത്യവസ്ഥാസു മനസാ വാചാ കർമ്മണാ ഹസ്ത
ഭ്യാം പത്ഭ്യാമുദരേണ ശിശ്നാ യൽ സ്മൃതം യദുക്തം യൽ കൃത
ത്തൽ സർവ്വം ബ്രഹ്മാർപ്പണം ഭവതു സ്വാഹാ ഓം തത്സൽ എ
ന്ന് രണ്ടുവേക്കും ഓം മാം മദീയഞ്ച സകലമസ്മത്സ്വാമ
ന്യെ ശ്രീഭഗവത്യൈ പരമാത്മന്യെ തുഭ്യം സമ്യക്സമർപ്പയാമ
ഓം തത്സൽ എന്നും രണ്ടുവേക്കും ചൊല്ലി ഓരേ പൂർണ്ണപുഷ്പ
ഞ്ജലി ചെയ്ത് മൂലംകൊണ്ടു ഓരോ പുവ്വാരാധിച്ച് ശംഖെടുത്ത
ഓം പ്രസന്നാർഘ്യമിദം. രണ്ടുവേക്കും കൊടുത്ത് തീർത്ഥ
ണ്ടാക്കുക.

## 21 തീർത്ഥമുണ്ടാക്കുക.

ശംഖു കഴുകി വെള്ളം നിറച്ച് പുവ്വ് ചന്ദനവും അക്ഷ
തവും കൂട്ടി മൂലം ജപിച്ച് ശംഖിലിട്ട് ശംഖ് എടത്തുകയ്യിൽ
വെച്ച് വലത്തുകയ്യുകൊണ്ടടച്ച് എട്ടുരു മൂലം ജപിച്ച് പീ
ത്തിന്മേൽ നിന്നു ഒരു പുവ്വെടുത്ത് മൂലംകൊണ്ടു ശംഖിലിട്ട് പാ
ദത്തിങ്കൽ കാട്ടി ഓം ശ്രീപാദതീർത്ഥമിദം എന്നു മൂന്നുരു ജപി
ച്ച് ഗുരുവിന്നു എടത്തും ഗണപതിക്കു വലത്തും അതാതുമൂ
ലംകൊണ്ടും, ദേവകൾക്കു മുകളിലേക്കു ഓം ദേവേഭ്യോനമഃ എ
ന്ന മന്ത്രംകൊണ്ടും, അസുരന്മാക്കു നിരൃതികോണിലേക്ക് ഓം
അസുരേഭ്യോനമഃ എന്ന മന്ത്രംകൊണ്ടും, ഓം ആത്മനേ നമഃ
എന്ന് തനിക്കും, ഓം ഭക്തേഭ്യോനമഃ എന്നു ചൊല്ലി നട
യിലേക്കും തീർത്ഥംതളിച്ച് ശഖു കഴുകി വെള്ളം നിറച്ചു വെക്കുക

22

ഓം മന്ത്രഹീനം ക്രിയാഹീനം ഭക്തിഹീനം മഹേശ്വരി
യൽപൂജിതം മയാ ദേവി പരിപൂർണ്ണം തദസ്തു തേ
എന്നു ഒരു പൂവ്വാരാധിച്ച് നറക്കുക.

23 നറയ്ക്കുക.

നറവല്ലത്തിന്മേൽ നിന്നു കുറേ കതിരെടുത്ത് നാലു ഗൃഹങ്ങളിലും അടുക്കളയിലും പത്തായത്തിലും മന്ത്രം ചൊല്ലി ഇടണം. 1 കിഴക്കിനിയിൽ ഇന്ദ്ര ശ്രേഷ്ഠാനി ദ്രവിണാനി ധേഹി ചിത്തം ദക്ഷസ്യ സുഭഗത്വമസ്മേ. പോഷം രയിണാമരിഷ്ടിം തനൂനാം സ്വാദ്മാനം വാചഃ സുദിനത്വമഹ്നാം. 2 തെക്കിനിയിൽ-യദുലൂകോവദതി മോഘമേതദ്യൽ കപോതഃ പദമഗ്നൗ കൃണോതി. യസ്യദൂതഃ പ്രഹിതഏഷ ഏതത്തസ്മൈ യമായ നമോ അസ്തു മൃത്യവേ 3 പടിഞ്ഞാററിയിൽ ഭൃ,വാസു ത്വാസു ക്ഷിതിഷു ക്ഷിയന്തോവ്യസ്മൽ പാശം വരുണോ മുമോചൽ. അഃവാവന്വാനാഅദിഃതേരുപസ്ഥാദ്യൂയം പാതസ്വസ്തിഭിഃ സദാ നഃ വടക്കിനിയിൽ-ആപ്യായസ്വ സമേതു തേ വിശ്വതഃ സോമ വൃഷ്ണ്യം. ഭവാവാജസ്യ സംഗഥേ 5 അടുക്കളയിൽ സ്വാദോരഭക്ഷി വയസഃ സുമേധാഃ സ്വാധ്യോവരിവോവിത്തരസ്യ വിശ്വേ യം ദേവാഉത മത്ത്യാസോമധു ബ്രുംവന്തോഅഭി സഞ്ചരന്തി 6 പത്തായത്തിൽ ശ്രീഃയ ജാതഃ എന്ന ഉപചാരം. മന്ത്രം കൂടാതെ എല്ലാ മുറികളിലും ഓരോ കതിരിടാം

24

പിന്നെ ശംഖെടുത്ത് അവസാനീയാർഘ്യമിദം എന്നു ചൊല്ലി രണ്ട്പോക്കം അവസാനീയാർഘ്യം കൊടുത്ത് ശംഖ് കഴുകി വെള്ളം നിറച്ചുവെച്ച് യജ്ഞശിരേ ഭുവനസ്യ പ്രചേത

സോവിശപസ്യസ്ഥാതുജ്ജഗതശ്ച മന്തവഃ തേനഃ കൃതാദകൃതാ ദേനസസ്പൃഷ്ടദ്യാദേവാസഃ ചിപ്പതാസപസ്തയേ എന്ന് ഓരോ പൂവ്വാരാധിച്ച് ആദ്യം ചെയ്തപോലെ രണ്ടുപേക്കും വ്യാപകവും വ്യാപകാംഗവും ചെയ്ത് രക്ഷിച്ച്-മാനഏകസ്മിന്നാഗസിമാ ദപയോരുത ത്രിഷു. വധീമ്മാ ശൂര ഭൂരിഷു. എന്നു ഓരോ പൂവ്വാ രാധിച്ച് രണ്ടുപേക്കും അഭിവാദ്യം ചെയ്ത് രണ്ടു മൂത്തികളേയും തൊട്ട് എട്ടെട്ടുരു മൂലം ജപിച്ച് പീഠത്തിന്മേൽനിന്നു ഓരോ പൂവ്വെടുത്ത് നാററികളഞ്ഞ് കൈകഴുകി വീണ്ടും ഓരോ പൂവ്വെ ടുത്ത് മൂലം ചൊല്ലി ചൂടി ഉദപസിയ്ക്കുക.

## 25 ഉദ്വാസനം.

കൈ നിറയെ പൂവ്വെടുത്ത് ചന്ദനവും അക്ഷതവും ശഖി ലെ വെള്ളവും കൂട്ടിയ ശേഷം പൂവ്വ പകുതിവീതം രണ്ടു കയ്യിലു മാക്കി ആവാഹിയ്ക്കുന്നതുപോലെ-ഉപചാരം ചൊല്ലി ഓം ശ്രീ ഭഗവതിമൂത്തിക്ഷമസ്വ ക്ഷമസ്വ ഓം ഉദ്വാസയാമി—എന്നു ചൊല്ലി രണ്ടുകയ്യും കൂട്ടി പൂവ്വ നാററി പത്തായത്തിലേയ്ക്കെന്നു സങ്കല്പിച്ചു കളയുക. പിന്നെ വിഷ്ണുവിനേയും ഉദ്വസിക്കുക. അതിന്നു വിഷ്ണുവിൻെറ ഉപചാരം ചൊല്ലി വിഷ്ണുഭഗവൻ ക്ഷ മസ്വ ക്ഷമസ്വ എന്നാക്കുക. പത്തായത്തിലേയ്ക്കെന്ന സങ്കല്പം ഇതിന്നില്ല. നാററികളയുക മാത്രം ചെയ്താൽ മതി.

പിന്നെ ദേഹശുദ്ധിക്കു പറഞ്ഞപോലെ പ്രാണായാമവും വ്യാപകവും വ്യാപകാംഗവും ചെയ്ത് രക്ഷിച്ച് സാധ്യനാരായ ണഃ ഋഷിഃ ദൈവീഗായത്രീച്ഛന്ദഃ പരമാത്മാ ദേവതാ എന്ന ച്ഛന്ദസ്സ് ചൊല്ലി ഓം നമോ നാരായണായ എന്ന അഷ്ടാക്ഷ രവും എട്ടുരു ജപിച്ച് വീണ്ടും ച്ഛന്ദസ്സ് ചൊല്ലുക.

## 26 അമ്പലത്തിലെ നറ.

നടുമിററത്തിൻെറ സ്ഥാനത്ത് മണ്ഡപത്തിലാണു നറ വല്ലം വെച്ചു പൂജിയ്ക്കേണ്ടതു് ക്ഷേത്രത്തിലെ നട എങ്ങോട്ടായാലും ശരി നറയ്ക്കുള്ള പൂജ കിഴക്കോട്ടു തിരിഞ്ഞിരുന്നിട്ടാകുന്നു. നാലു ഗൃഹങ്ങളിലും അടുക്കളയിലും നറയ്ക്കുന്ന മന്ത്രം ചൊല്ലി നാലമ്പലങ്ങളിലും തടപ്പള്ളിയിലും, പത്തായത്തിൻെറ സ്ഥാനം ശ്രീകോവിലിന്നകത്തും നറയ്ക്കണം. ശ്രീഭഗവതിയെ ഉപാസിയ്ക്കേണ്ടതും അവിടേയ്ക്കു തന്നേയാകുന്നു.

## 27 സ്വസ്തിസൂക്തങ്ങൾ.

1

1 സ്വസ്തിനോമിമീതാമശ്വിനാ ഭഗഃ സ്വസ്തി ദേവ്യദിതിരനർവ്വണഃ 2 സ്വസ്തി പൂഷാ അസുരോദധാതുനഃ സ്വസ്തി ദ്യാവാപൃഥിവീസുചേതുനാ 3 സ്വസ്തയേ വായുമുപബ്രവാമഹൈ സോമം സ്വസ്തി ഭുവനസ്യ യസ്പതിഃ, 4 ബൃഹസ്പതിം സർവ്വഗണം സ്വസ്തയേ സ്വസ്തയആദിത്യാസോഭവന്തുനഃ 5 വിശ്വേ ദേവാ നോ അദ്യാസ്വസ്തയേ വൈശ്വാനരോവസുരഗ്നി സ്വസ്തയേ 6 ദേവാഅവന്ത്വൃഭവഃ സ്വസ്തയേ സ്വസ്തിനോരുദ്രഃ പാത്വംഹസഃ 7 സ്വസ്തി മിത്രാവരുണാ സ്വസ്തി പഥ്യേരേവതി 8 സ്വസ്തിന ഇന്ദ്രശ്ചാഗ്നിശ്ച സ്വസ്തിനോ അദിതേ കൃധി 9 സ്വസ്തി പന്ഥാമനു ചരേമ സൂര്യാചന്ദ്രമസാവിവ. 10 പുനർദ്ദദതാഘ്നതാ ജാനതാ സം ഗമേമഹി.

2

1. കനിക്രദജ്ജനുഷം പ്രബ്രുവാണഇയർത്തി വാചമരിതേവ നാവം. 2 സുമംഗലശ്ച ശകുനെ ഭവാസി മാ ത്വാ കാചിദഭിഭാ വിശ്വ്യാവിദൽ. 3 മാ ത്വാ ശ്യേനഉദ്വധീന്മാ സു

പണ്ണ്ാമാ ത്വാ വിദദിഷ്യമാൻ വീരൊ അസ്ഥാ. 4 പിത്ര്യാമ ന പ്രദിശംകനിക്രദൽ സുമംഗലൊ ഭദ്രവാദീ വദെഹ. 5 അവ ക്രന്ദ ദക്ഷിണതൊഗൃഹാണാം സുമംഗലോഭദ്രവാദീ ശകുന്തെ. 6 മാനസ്തെനഈശത മാഘശം സൊബ്രൃഹദ്വദെമ വിദഥെ സുവിരാഃ.

3

1 പ്രദക്ഷിണി ദഭി ഗൃണന്തി കാരവൊവയൊവദന്ത ഋതുഥാ ശകുന്തയഃ 2 ഉഭെ വാചൌ വദതി സാമഗാഇവ ഗായത്രഞ്ച ത്രൈഷ്ടുഭഞ്ചാനുരാജതി. 3 ഉദ്ഗാതെവ ശകുനെ സാമ ഗായസി ബ്രഹ്മപുത്രഇവ സവനെഷു ശംസസി 4 വൃഷെവ വാജീശിശുമതീരപീത്യാസർവ്വതൊനശ്ശകുനെ ഭദ്രമാവദ വിശ്വതൊനശ്ശകുനെ പുണ്യമാവദ. 5 ആവദംസ്ത്വം ശകുന ഭദ്രമാവദ തൂഷ്ണീമാസിനസ്സുമതിം ചികിദ്ധി നഃ. 6 യദുൽപതൻ വദസി കക്കരിര്യഥാ ബൃഹദ്വദെമ വിദഥെ സുവീരാഃ.

ഇല്ലംനാ സമാപ്തം.

# പുത്തരി.

പുത്തരിയ്ക്കു പുന്നെല്ലു കുത്തിയ അരി നിവേദ്യം പോലെ വെയ്ക്കുക. ഉപസ്തരിച്ച് ഉഴിഞ്ഞവള്ളി പാത്രത്തിന്മേൽ കെട്ടി വാങ്ങണം.

കാലത്ത് കുളിച്ച് ചന്ദനം കുറിയിട്ട് കണ്ണെഴുതി മാല ചൂടി കിഴക്കോട്ടുതിരിഞ്ഞിരുന്ന് വിളക്കുവെച്ച് വിളക്കത്തും എലവെച്ച് ആദ്യം വിളക്കത്തെ എലയിലും പിന്നെ ഉണ്ണുന്ന എലയിലും ഉപസ്തരിച്ച് രണ്ടിലും പുത്തരിച്ചോറു വിളമ്പി

വീണ്ടും ഉപസ്തരിച്ച് മോതിരവിരൽകൊണ്ടു തൊട്ട് മന്ത്രം ജപിയ്ക്കുക—പ്രജാപതേ ത്വാ ഗൃഹം ഗൃഹ്ണാമി. മഹ്യം ശ്രിയേ മഹ്യം യശസേ മഹ്യമന്നാദ്യായ. ഭദ്രാന്നഃ ശ്രേയഃ സമനൈഷ്ട ദേവാഃ. ത്വയാ വത്സേന സമശീമഹി ത്വാ. സനോമയോഭൂഃ പിതാവിശേഹ. ശന്നോഭവ ദ്വിപദേ ശം ചതുഷ്പദേ. മൂന്നുരു പഞ്ചാക്ഷരവും ജപിയ്ക്കുക. വീണ്ടും ഉപസ്തരിച്ച് കുടിക്കുനീർ വീത്തുക.

ഭക്ഷണം കഴിഞ്ഞാൽ അപ്പോൾതന്നെ കാൽകഴുകി ആചമിച്ച് കിഴക്കോട്ടു തിരിഞ്ഞ് ആവണപ്പലകമേലിരുന്ന് വയറുതൊട്ട് മന്ത്രം ചൊല്ലണം. അമോസി പ്രാണ തദൃതം ബ്രവീമി. അമാഹി സർവ്വാനസി പ്രവിഷ്ടഃ. സമേജരാം രോഗമപനുദ്യ ശരീരാൽ. അമാ മഏധി മാ മൃധാമഇന്ദ്ര.

ഉപനയനം കഴിയാത്തവരുടേയും സ്ത്രീകളുടേയും പുത്തരിയ്ക്കു ഈ മന്ത്രങ്ങൾ രണ്ടും മറ്റൊരാൾ തൊട്ടു ചൊല്ലുകയാണു പതിവ്.

അമ്പലത്തിലെ തൃപ്പുത്തരിക്കു വിളക്കത്ത് ഇലവെച്ച് വിളമ്പുക മാത്രം ആവശ്യമില്ല. മറ്റെല്ലാം ഇതുപോലെതന്നെ ചെയ്യണം. പുത്തരിയിൽ പാൽ വീത്തി പായസമാക്കുകയാണു വേണ്ടത്.

പുത്തരി സമാപ്തം.

**KOTTAYAM PUBLIC LIBRARY**
**KOTTAYAM**

Cl. No. M294 Acc. No. 14403

This book should be returned on or before the date last stamped below.

If the book is not returned on due date
a fine of 20 Ps. per day will be charged

M294
SAN-E

14403

ശങ്കരൻ നമ്പൂതിരിപ്പാട്

ഇല്ലം നറ

KOTTAYAM PUBLIC LIBRARY
M294
Call No. SAN-E  Acc. No. 14403
Author ശങ്കരൻ നമ്പൂതിരിപ്പാട്
Title ഉല്ലാസന

Indic Digital Archive Foundation
gpura.org